**Sree Sankaracharya University of Sanskrit, Kalady**
**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**

തീയതി: 06.03.2026

# പ്രസിദ്ധീകരണത്തിന്

## സംസ്കൃത സർവ്വകലാശാല : അമിനിറ്റി സെന്റർ, ആംഫി തീയറ്റർ ഉദ്ഘാടനങ്ങൾ ഇന്ന് (മാർച്ച് ഏഴ് )

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശായിൽ കേരള സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച അമിനിറ്റി സെന്റർ, കൊച്ചിൻ ഇന്റർ നാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ സി എസ് ആർ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ആംഫി തീയറ്റർ, സർവ്വകലാശാലയിലെ ആർട്ട് ഗാലറി ആൻഡ് എക്സിബിഷൻ സെന്റർ, പുതുതായി തുടങ്ങുന്ന ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാം, "രൂപകല്പന" ആശയാവതരണ പ്രോഗ്രാം എന്നിവയുടെ ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ. ബിന്ദു മാർച്ച് ഏഴിന് ഉച്ചയ്ക്ക് ശേഷം രണ്ടിന് കാലടി മുഖ്യകാമ്പസിലെ യൂട്ടിലിറ്റി സെന്ററിൽ നിർവ്വഹിക്കും.

മെഡിക്കൽ സെന്റർ, നാഷണൽ സർവ്വീസ് സ്കീം, നാഷണൽ കേഡറ്റ് കോർപ്പ്സ്, സഹകരണ സംഘം, സ്റ്റുഡന്റ്സ് സർവ്വീസ് ഡയറക്ടർ, പൂർവ്വ വിദ്യാർത്ഥി സംഘടന എന്നിവയുടെ ഓഫീസുകൾ കൂടാതെ പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്ന വിധത്തിലുള്ള ആധുനിക റെസ്റ്റോറന്റ് എന്നിവയടക്കം 25,000 ചതുരശ്രയടി വിസ്തീർണ്ണത്തിൽ പണി കഴിപ്പിച്ചിരിക്കുന്ന അമിനിറ്റി സെന്ററിന്റെ ആകെ നിർമ്മാണ ചെലവ് 4.64 കോടി രൂപയാണ്. 600 പേർക്ക് ഇരിക്കാവുന്ന രീതിയിൽ നിർമ്മിച്ചിരിക്കുന്ന 6000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആംഫി തീയറ്ററിന്റെ നിർമ്മാണ ചെലവ് 89 ലക്ഷം രൂപയാണ്. അമിനിറ്റി സെന്ററിന്റെയും ആംഫി തീയറ്ററിന്റെയും നിർമ്മാണ നിർവ്വഹണം നടത്തിയിരിക്കുന്നത് കോസ്റ്റ് ഫോർഡ് ആണ്. രൂപകല്പന ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററിന് സർക്കാർ ധനസഹായമായി ഒരു കോടി രൂപയാണ് ലഭിച്ചിരിക്കുന്നത്.

വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് അധ്യക്ഷയായിരിക്കും. അമിനിറ്റി സെന്ററിന്റെ നിർമ്മാണ ചുമതല നിർവ്വഹിച്ച കോസ്റ്റ്ഫോർഡ്, ആംഫി

തീയറ്ററിന്റെ നിർമ്മാണത്തിന് ധനസഹായം നൽകിയ കൊച്ചിൻ ഇന്റർ നാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ ചടങ്ങിൽ ആദരിക്കും. സിൻഡിക്കേറ്റ് അംഗവും വർക്ക്സ് ആൻഡ് പർച്ചേസ് സ്ഥിരം സമിതി കൺ വീനറുമായ ഡോ. ബി. അശോക് റിപ്പോർട്ട് അവതരിപ്പിക്കും. സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. കെ. എസ്. അരുൺകുമാർ, ആർ. അജയൻ, ഡോ. എം. സത്യൻ, ഡോ. മാത്യൂസ് ടി. തെള്ളി, രജിസ്ട്രാർ ഡോ. മോത്തി ജോർജ്, കാലടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പൗളി ബേബി, ഗ്രാമപഞ്ചായത്ത് അംഗം പി. വി. സ്റ്റീഫൻ എന്നിവർ പ്രസംഗിക്കും. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. വി. ലിസി മാത്യു, ഡോ. ടി. മിനി, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് ഐ.എ.എസ്, കോസ്റ്റ് ഫോർഡ് ഡയറക്ടർ എം. എൻ. സുധാകരൻ എന്നിവർ സന്നിഹിതരായിരിക്കും.

**ജലീഷ് പീറ്റർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ നം. 9447123075